# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5017
27-06-2019-ലെ മറുപടിയ്ക്ക്

**പ്രളയദുരിതാശ്വാസനിധിയിൽ പ്രവാസികളുടെ സംഭാവന**

| ചോദ്യം<br>ശ്രീ.കെ.എൻ.ഖാദർ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) പ്രളയ ദുരിതാശ്വാസനിധിയിലേക്ക് 2019 ജൂൺ മാസം 5-ാം തീയതി വരെ എത്ര രൂപ പിരിഞ്ഞു കിട്ടിയെന്ന് അറിയിക്കുമോ; | പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 2019 ജൂൺ മാസം 5-ാം തീയതി വരെ 4196.38 കോടി രൂപ ലഭ്യമായിട്ടുണ്ട്. |
| ബി) ഇതിൽ പ്രവാസികളുടെ സംഭാവന എത്രയെന്നും അവ ഏതൊക്കെ രാഷ്ട്രങ്ങളിൽ നിന്നാണ് ലഭിച്ചതെന്നും അറിയിക്കുമോ; | വിദേശരാജ്യങ്ങളിൽ ഉള്ള വ്യക്തികളിൽ നിന്നും വ്യക്തി കൂട്ടായ്മകളിൽ നിന്നും മറ്റുമായി 93.93 കോടി രൂപ സംഭാവനയായി ലഭിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| സി) കേരളത്തിൽ നിന്നും ലഭിച്ച ആകെ തുകയെത്ര; ഇതിൽ സാലറി ചലഞ്ച് വഴി ലഭ്യമായ തുകയെന്ത്; | കേരളത്തിൽ നിന്നും ലഭ്യമായ തുക പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല. സാലറി ചലഞ്ച് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 01.06.2019 വരെ 1097.22 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ഡി) ഇതര സംസ്ഥാനങ്ങളിൽ നിന്നു ലഭ്യമായതെത്ര; | ലഭ്യമായ വിവരങ്ങൾ അനുസരിച്ച് പ്രളയവുമായി ബന്ധപ്പെട്ട് മറ്റു സംസ്ഥാന സർക്കാരുകളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 150 കോടി രൂപ ലഭിച്ചിട്ടുണ്ട്. |
| ഇ) മന്ത്രിമാർ, എം.എൽ.എ മാർ, എം.പി മാർ എന്നിവരുടെ വിഹിതം വെളിപ്പെടുത്തുമോ; തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി എത്ര തുക ലഭ്യമായി; | മന്ത്രിമാരിൽ നിന്നും 18.48 ലക്ഷം രൂപയും എം.എൽ എ മാരിൽ നിന്നും 78.11 ലക്ഷം രൂപയും എം.പി മാരിൽ നിന്നും 17.10 ലക്ഷം രൂപയും ലഭ്യമായിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വഴി ലഭ്യമായ സംഭാവനകൾ പ്രത്യേകം ക്രോഡീകരിച്ചിട്ടില്ല. |
| എഫ്) പ്രളയദുരിതാശ്വാസനിധിയിൽ നിന്നും ഇതുവരെ ചെലവഴിച്ച തുക ഓരോന്നും ഇനം തിരിച്ച് അറിയിക്കുമോ? | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് പ്രളയവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുക താഴെ സൂചിപ്പിക്കും പ്രകാരമാണ്.<br><br>ആശ്വാസധനസഹായം - 457.23 കോടി രൂപ<br>വീടും സ്ഥലവും നാശനഷ്ടം സംഭവിച്ചവർക്ക് -1367.07 കോടി രൂപ<br>ചികിത്സാ ധനസഹായം -12.29 ലക്ഷം രൂപ |

| | |
|---|---|
| | കെയർ ഹോം പദ്ധതി- 44.98 കോടി രൂപ<br>കാർഷിക വായ്പ തിരിച്ചടവിന് -54 കോടി രൂപ<br>ഉപജീവനകിറ്റ് (സിവിൽ സപ്ലൈസ് -42.73 കോടി രൂപ<br>പട്ടികജാതി വികസനക്ഷേമവകുപ്പ്-1.91 ലക്ഷം<br>മരണപ്പെട്ടവരുടെ ആശ്രിതർക്ക് -29 ലക്ഷം<br>ഭൂമി നഷ്ടപ്പെട്ടവർക്ക് -62.34 ലക്ഷം<br>വീട് നിർമ്മാണ സ്ഥലസജ്ജീകരണത്തിന്- 20 ലക്ഷം<br>എൻജിനീയർമാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന്-10.35 ലക്ഷം |

**സെക്ഷൻ ഓഫീസർ**

# ഫണ്ട്സ് സെക്ഷനിൽ ലഭ്യമായ ചെക്കുകളുടെ വിവരങ്ങൾ

| Sl No | Countries | Amount |
|---|---|---|
| 1 | United Arab Emirates | 26,68,72,122 |
| 2 | Kingdom of Saudi Arabia | 4,38,69,336 |
| 3 | Oman | 1,49,00,000 |
| 4 | Kuwait | 4,39,57,103 |
| 5 | Behrain | 2,09,46,686 |
| 6 | Quatar | 36,05,58,179 |
| 7 | Singapore | 18,17,010 |
| 8 | Canada | 28,61,664 |
| 9 | Australia | 87,58,292 |
| 10 | Bangladesh | 10,00,001 |
| 11 | England | 1,40,25,642 |
| 12 | Russia | 4,59,526 |
| 13 | South Africa | 31,03,632 |
| 14 | United States of America | 14,79,65,736 |
| 15 | Indian Embessy China | 5,33,609 |
| 16 | Pravasi Associations in India | 77,51,796 |
| | **TOTAL** | **93,93,80,334** |